Indian Institute of Management Kozhikode
भारतीय विचारधारा का वैश्वीकरण
Globalizing Indian Thought
nalanda
नालंदा - पुस्तकालय और सूचना केंद्र
Library and Information Centre
Your Strategic Learning Partner

#IIMKinMedia

Date: September 27, 2026

Newspaper: Madhyamam, pg. 04

# കവിതാസമാഹാരം പുറത്തിറക്കി ഐ.ഐ.എം ഡയറക്ടർ

കുന്ദമംഗലം: ഐ.ഐ.എം കോഴിക്കോട് ഡയറക്ടർ പ്രഫ. ദേബാശിഷ് ചാറ്റർജിയുടെ ആദ്യ കവിതാസമാഹാരമായ 'സെവൻ ഷേഡ്സ് ഓഫ് ലവ്' എഴുത്തുകാരനും മുൻ നയതന്ത്രജ്ഞനും പാർലമെന്റ് അംഗവുമായ ഡോ. ശശി തരൂർ പ്രകാശനം ചെയ്തു. പെൻഗ്വിൻ റാൻഡം ഹൗസ് ഇന്ത്യ പ്രസിദ്ധീകരിച്ച പുസ്തകത്തിൽ സ്നേഹത്തെ ഏഴ് ഭാവങ്ങളിലൂടെ (വാത്സല്യം, അഭിനിവേശം, സഹയാത്ര/കൂട്ടുജീവിതം, വേർപാട്, ദുർബലത/ആർദ്രത, വളർച്ച, സ്വാതന്ത്ര്യം) ആവിഷ്കരിക്കുന്ന 57 കവിതകളാണുള്ളത്.

വായന, ജിജ്ഞാസ, എഴുത്ത്, സ്വന്തം ശബ്ദം കണ്ടെത്താനുള്ള ധൈര്യം എന്നിവയെക്കുറിച്ച് ഡോ. തരൂരും പ്രൊഫ. ചാറ്റർജിയും വിദ്യാർഥികളുമായി സംവദിച്ചു. എഴുത്തുകാരൻ ഖുശ്വന്ത് സിംഗുമായുള്ള കൂടിക്കാഴ്ചയിൽ നിന്നാണ് താൻ എഴുത്തിലേക്ക് തിരിഞ്ഞതെന്ന് പ്രഫ. ചാറ്റർജി അനുസ്മരിച്ചു. മാതാവ് കരുണ ചാറ്റർജിക്കാണ് അദ്ദേഹം പുസ്തകം സമർപ്പിച്ചിരിക്കുന്നത്. ഓസ്കാർ ജേതാവായ സംഗീതജ്ഞൻ റസൂൽ പൂക്കുട്ടിയാണ് പുസ്തകത്തിന് ആമുഖം എഴുതിയിരിക്കുന്നത്.

http://www.iimk.ac.in IIMKKozhikode IIMKozhikode libraryiimk LibraryIIMK in/libraryiimk libraryiimk @libraryiimk libraryiimk